(ഇ) സർക്കാർ സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുടിവെള്ളം, മൂത്രപ്പുര, ലബോറട്ടറി, ലൈബ്രറി എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന നടപടി എല്ലാ സ്കൂളുകളിലും നടപ്പിലാക്കി വരുന്നുണ്ട്. സർവ്വശിക്ഷാ അഭിയാൻ (SSA) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) എന്നീ പദ്ധതികളിലൂടെയും, എം.എൽ.എ., എം.പി., ജില്ലാ പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ വികസന ഫണ്ടുകളിലൂടെയും കേരളത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനം ഏതാണ്ട് പൂർത്തീകരിച്ചു വരികയാണ്. 140 അസംബ്ലി മണ്ഡലങ്ങളിലും, പടിപടിയായി എല്ലാ സർക്കാർ വിദ്യാലയങ്ങളിലും സ്മാർട്ട് ക്ലാസ്റൂമുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു വിദ്യാലയത്തിൽ 5 ക്ലാസ്സ്മുറികൾ സജ്ജീകരിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

സ്കൂളുകളുടെ മോഡി വികസന പദ്ധതികൾ മുന്നിൽ കണ്ടുകൊണ്ട് ഇപ്പോഴത്തെ സ്കൂൾ കെട്ടിടങ്ങളും പരിസരവും കുട്ടികളുടെ പഠനസഹായി കളായി മാറ്റുന്നതിനും ഗ്രീൻ സ്കൂൾ നിർമ്മാണത്തിനും എല്ലാം മുൻഗണന കൊടുത്തുകൊണ്ട് അടിസ്ഥാന സൗകര്യവികസനം, കളിസ്ഥലം എന്നിവ മെച്ചപ്പെടുത്തുന്നതിനും സമഗ്രവികസനത്തിനും വേണ്ടി Whole School Development Programme നടപ്പിലാക്കാനുള്ള പ്രാരംഭ ഘട്ടത്തിലാണ്.

എഞ്ചിനീയറിംഗ് പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

13(*103) ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ ;

(ബി) എൻട്രൻസ് പരീക്ഷയുടെ മാർക്കിനൊപ്പം യോഗ്യതാ പരീക്ഷയുടെയും മാർക്കുകൾ തുല്യമായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.സി., സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ കോഴ്സുകളുടെ മാർക്കുകൾ എങ്ങനെ ഏകീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്ന് യോഗ്യതാ പരീക്ഷ പാസ്സാകുന്ന കുട്ടികളുടെ മാർക്ക് എങ്ങനെ ഏകീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഇ) പ്രവേശന പരീക്ഷയ്ക്ക് പരിഗണിക്കുന്ന പ്ലസ് ടു കോഴ്സിലെ വിഷയങ്ങളുടെ മൂല്യനിർണ്ണയം കുറ്റമറ്റരീതിയിൽ നടത്താൻ പ്രത്യേക നിർദ്ദേശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) എൻജിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രവേശന പരീക്ഷയുടെ പേപ്പർ ഒന്നിനും രണ്ടിനും കൂടി ലഭിച്ച മൊത്തം മാർക്കിനും യോഗ്യത പരീക്ഷയിൽ മാത്തമാക്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/കമ്പ്യൂട്ടർ സയൻസ്/ ബയോടെക്നോളജി/ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തത്തിൽ ലഭിച്ച മാർക്ക്/ഗ്രേഡിനും തുല്യ പരിഗണന നൽകുന്നതാണ്. വ്യത്യസ്ത ബോർഡുകളിലെ യോഗ്യത പരീക്ഷയുടെ മാർക്കുകൾ പ്രോസ്പെക്ടസിലെ 9.7.4 (b) (ii) & (iii) എന്നീ വ്യവസ്ഥകളനുസരിച്ച് നോർമലൈസ് ചെയ്തതിനുശേഷമായിരിക്കും പരിഗണിക്കുന്നത്.

(ബി) 2011-ലെ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് ഈ രീതി ബാധകമാക്കിയിട്ടുണ്ട്.

(സി&ഡി) ഗവൺമെന്റ് അംഗീകരിച്ച പ്രോസ്പെക്ടസിലെ 9.7.4 എന്ന വ്യവസ്ഥ പ്രകാരം കേരള ഹയർ സെക്കണ്ടറി പരീക്ഷയുടെ മാർക്ക് അടിസ്ഥാനമായി കണക്കാക്കി മറ്റു സംസ്ഥാനങ്ങളിലെ ബോർഡുകളിൽ നിന്നുള്ള പരീക്ഷാർത്ഥികളുടെ മാർക്കിനെ കേരള ഹയർ സെക്കണ്ടറിയുമായി താരതമ്യപ്പെടുത്തി പ്രസ്തുത മാർക്കിനു തുല്യമായ മാർക്ക് ശാസ്ത്രീയമായി കണ്ടെത്തുന്ന നോർമലൈസേഷൻ പ്രക്രിയയിലൂടെയാണ് സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ/ മറ്റു സംസ്ഥാന ബോർഡുകൾ തുടങ്ങിയവയുടെ മാർക്ക് നോർമലൈസ് ചെയ്യുന്നത്.

(ഇ) നൽകിയിട്ടുണ്ട്.

സ്കൂൾ വിദ്യാഭ്യാസത്തിൽ മലയാളം നിർബന്ധമാക്കുന്നതിനുള്ള നടപടി

14 (*104) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും മലയാള പഠനം നിർബന്ധമാക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച ആർ. വി. ജി. മേനോൻ കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ തലത്തിലും മലയാള പഠനം നിർബന്ധമാക്കാൻ ശിപാർശയുണ്ടോ ;

(സി) ഇത് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly